Reg. No. M. 2293 ഒററപ്രതി 2ണ.

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 26 | 1128 മിഥുനം 10 —ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ജൂൺ 24 | ലക്കം 4[illegible]

## സത്യാന്വേഷണപരിണാമം

### ഹിന്ദുമതത്തിൽനിന്നും മാർത്തോമ്മാസഭവഴി കത്തോലിക്കാസഭയിലേക്കു്

(എൻ. കെ. തോമസ്, മാരാമൺ)

തിരുവല്ലാ താലൂക്കിലുള്ള ഒരു ക്രൈസ്തവകേന്ദ്രമായ മാരാമണ്ണിൽ ഹിന്ദുക്കളായ മാതാപിതാക്കന്മാരിൽനിന്നും ഭൂജാതനായ ഞാൻ സുമാർ പതിന്നാലു വർഷങ്ങൾക്കുമുമ്പ് ജ്ഞാനസ്നാനം സ്വീകരിച്ച് മാർത്തോമ്മാസഭയിൽ ചേർന്ന് ഒരു ക്രൈസ്തവനായിത്തീർന്നു. തുടർന്നു നടത്തിക്കൊണ്ടിരുന്ന സത്യാന്വേഷണത്തിന്റെ ഫലമായി ക്രിസ്തുവിനാൽ സ്ഥാപിതമായ സത്യൈകസഭ കത്തോലിക്കാസഭ മാത്രമാണെന്നു ബോദ്ധ്യപ്പെടുകയാൽ ഇക്കഴിഞ്ഞ ഏപ്രിൽ നാലാം തീയതി മലബാറിൽവെച്ച് കുടുംബസഹിതം ഞാൻ കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയുണ്ടായി. എന്റെ സത്യാന്വേഷണത്തിന്റേയും പരിവർത്തനങ്ങളുടേയും ചരിത്രം ഒരു ലേഖനരൂപത്തിൽ എഴുതുന്നതു പലർക്കും പ്രയോജനപ്രദമായിത്തീരുമെന്നു പല സ്നേഹിതന്മാരും എന്നെ അറിയിച്ചതു നിമിത്തമാണ് ഈ ലേഖനം എഴുതുവാൻ ഞാൻ ഉദ്യുക്തനായിത്തീർന്നതു്.

ചെറുപ്പകാലത്തിൽത്തന്നെ ഈശ്വരവിശ്വാസവും സന്മാർഗ്ഗബോധവും ഹൈന്ദവരായ എന്റെ മാതാപിതാക്കന്മാരിൽനിന്നും എനിക്കു ലഭിച്ചിരുന്നു. സത്യം ഏതെന്നു ഗ്രഹിക്കുന്നതിനും അറിഞ്ഞ സത്യത്തെ സ്വീകരിക്കുന്നതിനുമുള്ള ഒരു മനസ്ഥിതിയും ബാല്യകാലം മുതൽതന്നെ എനിക്കുണ്ടായിരുന്നു. പന്ത്രണ്ടുവയസ്സു പ്രായമായപ്പോൾ ശ്രീബുദ്ധന്റെ ഉപദേശങ്ങളോടും ആദർശങ്ങളോടും അതിയായ ബഹുമാനം എനിക്ക് ഉണ്ടാകുകയും തൽഫലമായി ഞാൻ ഒരു അഹിംസാവ്രതക്കാരനായിത്തീരുകയും ചെയ്തു. മൃഗമാംസഭക്ഷണം പരിത്യജിച്ച് ഒരു സസ്യഭുക്കായി ഞാൻ ജീവിതം നയിച്ചുകൊണ്ടിരുന്നു. എന്നു മാത്രമല്ല, മൃഗങ്ങളുടെ പാല് മനുഷ്യൻ അപഹരിച്ചു കുടിക്കുന്നതു മൃഗങ്ങളുടെ കുഞ്ഞുങ്ങളോടു ചെയ്യുന്ന ഭയങ്കരമായ അനീതിയും അക്രമവും ആണെന്നുള്ള ബോധം നിമിത്തം പാല്, മോര്, വെണ്ണ ആദിയായ സാധനങ്ങൾ പോലും ഞാൻ വർജ്ജിച്ചു. ശാരീരിക ശുദ്ധീകരണത്തിലും അതിയായ ശ്രദ്ധ ഞാൻ പതിച്ചുകൊണ്ടിരുന്നു.

“ക്രിസ്തുമതപ്രസംഗങ്ങൾ കേൾക്കുന്നതു സ്വഭാവരൂപവത്കരണത്തിനു പ്രയോജകീഭവിക്കും” എന്നുള്ള ഉപദേശം ഹിന്ദുക്കളായ മാതാപിതാക്കന്മാർ ചെറുപ്പത്തിൽത്തന്നെ എനിക്കു നൽകിയിരുന്നു. തന്നിമിത്തം എന്റെ അച്ഛനോടൊന്നിച്ച് ക്രൈസ്തവ സുവിശേഷയോഗങ്ങളിലെ പ്രസംഗങ്ങൾ കേൾക്കുന്നതിനായി ഞാൻ സാധാരണ പൊയ്ക്കൊണ്ടിരുന്നു. ഓരോ പ്രസംഗം കേൾക്കുംതോറും ക്രിസ്തുദേവനോട് അത്യധികമായ ആദരവും ഭക്തിയും എന്നിൽ വർദ്ധിച്ചുകൊണ്ടിരുന്നു. എങ്കിലും ക്രിസ്ത്യാനികളിൽ പലരുടേയും ജീവിതരീതി ക്രിസ്തുമതത്തോടുള്ള വെറുപ്പാണ് എന്നിൽ അങ്കുരിപ്പിച്ചതു്. ക്രിസ്തുദേവന്റെ പരിശുദ്ധമായ ജീവിതചര്യയും സ്നേഹസമന്വിതമായ പരോപകാരപ്രവർത്തനങ്ങളും, പരിപാവനങ്ങളായ ഉപദേശങ്ങളും എന്റെ ഹൃദയത്തെ ഇളക്കിമറിക്കുകതന്നെ ചെയ്തു. അക്കാലത്തു മാരാമൺ മാർത്തോമ്മാ പള്ളി വികാരിയായിരുന്ന റവ. പി. ജെ. തോമ്മസ്സ് ബി. എ. ഡി. ഡി. അവർകൾ ഒരു ക്രൈസ്തവ വേദപുസ്തകം എനിക്കു നൽകുകയും അതു വായിക്കുവാൻ എന്നെ പ്രേരിപ്പിക്കുകയും ചെയ്തു. പ്രസ്തുതപുസ്തകം തുടർച്ചയായി ഞാൻ വായിച്ചുകൊണ്ടിരുന്നു. അതോടുകൂടെ ക്രിസ്തുവിനേയും ക്രിസ്തുമതത്തേയും പററി കൂടുതലായി പഠിക്കുന്നതിനുള്ള ജിജ്ഞാസ എന്നിൽ അങ്കുരിച്ചു. ക്രിസ്തുമതഭക്തരായ ഒട്ടനേകം വിശുദ്ധന്മാരുടെ ജീവചരിത്രം ഞാൻ വായിച്ചുതുടങ്ങി. അവരുടെ ജീവിതം എന്നെ ഹഠാദാകർഷിക്കതന്നെ ചെയ്തു. ഈശ്വരഭക്തരും സന്മാർഗ്ഗനിരതരും, മനുഷ്യസ്നേഹികളുമായിത്തീരുന്നതിനു് അവർക്കു് മാതൃകയും പ്രചോദനവും നൽകിയ ക്രിസ്തുദേവൻ ഒരു പ്രധാനസ്ഥാനം എന്റെ ഹൃദയത്തിലും കരസ്ഥമാക്കിക്കഴിഞ്ഞു. ഭൂലോകരക്ഷകനായ ആ ദിവ്യഗുരുവിനെ ഞാൻ ആരാധിക്കുകയും അവിടുത്തോടു പ്രതിദിനം പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ ഒരു രഹസ്യക്രിസ്ത്യാനിയായി ഞാൻ ജീവിതം നയിച്ചുതുടങ്ങി.




വെറോനിക്കയുടെ തുവാലയിൽ പതിഞ്ഞ തിരുമുഖം

ക്രിസ്തുമതത്തെ പരസ്യമായി ആശ്ലേഷിക്കുന്നതിൽനിന്നും എന്നെ അന്നു് തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതു സ്ഥലവാസികളായ ക്രൈസ്തവരുടെ അധിക്ഷേപാർഹമായ ജീവിതരീതിയായിരുന്നു. ഞങ്ങളുടെ സമീപമുള്ള ഒരു പള്ളിയിലെ ക്രൈസ്തവർ രണ്ടു കക്ഷികളായി തിരിഞ്ഞുകൊണ്ടു അടിലഹളയും കത്തിക്കുത്തും നടത്തിയതു് എന്നെ വിഷമിപ്പിക്കുകയും സങ്കടപ്പെടുത്തുകയും ചെയ്തു. പുലയജാതിയിൽനിന്നും ക്രൈസ്തവനായിത്തീർന്ന ഒരു സാധു മനുഷ്യൻ വി. കുർബ്ബാന സ്വീകരിക്കുന്നതിനായി പഴയ ക്രിസ്ത്യാനികളോടൊന്നിച്ചു ചെന്നു നിന്നു എന്ന കാരണത്താൽ അവനെ പള്ളിക്കു പുറത്തേക്കു് പിടിച്ചുവലിച്ചുകൊണ്ടുപോകുകയും നിർദ്ദയം പ്രഹരിക്കുകയും ചെയ്കയുണ്ടായി. ഇതുനിമിത്തം മാർത്തോമ്മാസഭയിൽനിന്നും ഏതാനും ആളുകൾ അക്കാലത്തു പെന്തിക്കോസ്തുസഭയിൽ ചേരുകയുണ്ടായി ക്രിസ്തീയ സഭയിൽ യഥാർത്ഥക്രൈസ്തവരും നാമധേയക്രൈസ്തവരും ഉണ്ടെന്നുള്ള പരമാർത്ഥം ഈദൃശസംഭവങ്ങളിൽനിന്നും എനിക്കു ബോദ്ധ്യമായി.

ഒരു രഹസ്യക്രിസ്ത്യാനിയായി രണ്ടു വർഷത്തോളം ഞാൻ ജീവിച്ചു. എന്നാൽ ക്രിസ്തുദേവനോടുള്ള എന്റെ സ്നേഹവും ബഹുമാനവും നിമിത്തം പരസ്യമായിത്തന്നെ ഒരു ക്രൈസ്തവനായിത്തീരണമെന്നു ഞാൻ നിശ്ചയിച്ചു. ആയിരത്തി ഒരുന്നൂററിപതിനൊന്നാമാണ്ടു് മകരമാസത്തിൽ മദ്ധ്യതിരുവിതാംകൂറിൽ വെച്ചു നടത്തപ്പെട്ട ഒരു സുവിശേഷപ്രസംഗയോഗത്തിൽ ഞാൻ ചെല്ലുകയുണ്ടായി. പ്രസ്തുതയോഗത്തിലെ പ്രാസംഗികൻ മാർത്തോമ്മാസഭയിലെ ഒരു ഉണർവുള്ള പ്രാസംഗികനായിരുന്ന മൂത്താംപാക്കൻ കൊച്ചുകുഞ്ഞു ഉപദേശി അവർകളായിരുന്നു. ഒരു ക്രൈസ്തവനായിത്തീരുന്നതിനു ഞാൻ നിശ്ചയിച്ചിരിക്കുന്ന വിവരം യോഗത്തിൽ പരസ്യപ്പെടുത്തുന്നതിനുള്ള അവസരം നൽകണമെന്നു് അദ്ദേഹത്തോടു ഞാൻ അപേക്ഷിച്ചു. അദ്ദേഹം തന്റെ പ്രസംഗമദ്ധ്യേ ക്രിസ്തുവിനെ സാക്ഷിപ്പാനുള്ള അവസരം എനിക്കുനൽകുകയും ചെയ്തു: ഹിന്ദുമതദേവന്മാരിലുള്ള വിശ്വാസം ആത്മരക്ഷയ്ക്കു പര്യാപ്തമല്ലെന്നും മനുഷ്യരക്ഷയ്ക്കു വേണ്ടി സ്വയം ബലിയായി സമർപ്പിച്ചു് മനുഷ്യകുലത്തിനു രക്ഷനൽകിയ

